പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)

## ആറ്റിപതിനെട്ടാമത് റിപ്പോർട്ട്

(18-01-2021-ന് സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

FCP2G/KA/2021/PUC/Reports/Civil Supplies/Preface(12.01.2021)

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)

## നൂറ്റിപതിനെട്ടാമത് റിപ്പോർട്ട്

**കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച്**
**(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)**

# ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന :

ആമുഖം :

റിപ്പോർട്ട് :

അനുബന്ധം - 1

സമിതിയുടെ നിഗമനങ്ങളും ശിപാർശകളും

അനുബന്ധം - 2

ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി.

# സമിതിയുടെ ഘടന (2019-21)

**അദ്ധ്യക്ഷൻ**

ശ്രീ. സി. ദിവാകരൻ

**അംഗങ്ങൾ**

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർ ഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6-ന്മേൽ തയ്യാറാക്കിയ 118-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28.06.2016-ാം തീയതി സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2016-19)ന്റെ 26.09.2018-ൽ കൂടിയ സമിതി യോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-21)-ന്റെ 11.01.2021-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിനു ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ ഭക്ഷ്യപൊതുവിതരണ വകുപ്പിലെയും കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷൻ ലിമിറ്റഡിലെയും ഉദ്യോഗസ്ഥർക്കും സമിതി നന്ദി അറിയിക്കുന്നു.

**സി.ദിവാകരൻ**
ചെയർമാൻ
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം
11.01.2021

# റിപ്പോർട്ട്

## കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച്

### ഓഡിറ്റ് ഖണ്ഡിക 3.6 (2014-15)

**ഒഴിവാക്കാമായിരുന്ന ബാദ്ധ്യത**

**1956-ലെ കമ്പനി നിയമത്തിലെ നിബന്ധനകൾ പാലിക്കുന്നതിൽ വന്ന അമിതമായ കാലതാമസം കാരണം കമ്പനിക്ക് ₹0.40 കോടിയുടെ ഒഴിവാക്കാമായിരുന്ന അധിക ബാദ്ധ്യത ഉണ്ടായി.**

1956-ലെ കമ്പനി നിയമം[35] വകുപ്പ് 94 പ്രകാരം ഒരു കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം അവരുടെ ഓഹരിമൂലധനത്തിൽ വർദ്ധനവ് വരുത്തണമെങ്കിൽ ആ കാര്യം പൊതുഭരണസമിതി അംഗീകരിച്ച് പ്രമേയം പാസ്സാക്കിയിരിക്കണം. കമ്പനി നിയമത്തിലെ 97(1) വകുപ്പ് പ്രകാരം മൂലധനത്തിലെ വർദ്ധനവ് അംഗീകൃത മൂലധനത്തെക്കാളും കൂടുതൽ ആണ് എങ്കിൽ ആ വിഷയത്തെപ്പറ്റി പൊതുഭരണസമിതിയിൽ പ്രമേയം പാസ്സാക്കുകയും ഈ വിഷയം 30 ദിവസത്തിനുള്ളിൽ രജിസ്ട്രാർ ഓഫ് കമ്പനീസിനെ ബോധിപ്പിക്കേണ്ടതുമാണ്. അങ്ങനെയുള്ള ഓഹരിമൂലധന വർദ്ധനവിന് നിശ്ചിത നിരക്കിൽ[36] അപേക്ഷാ ഫീയും നൽകേണ്ടതാണ്.

പൂർണ്ണമായും സർക്കാർ അധീനതയിലുള്ള കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷന്റെ മൂലധനം ₹15 കോടിയാണ്. ജനറൽ മീറ്റിംഗിൽ പാസാക്കപ്പെട്ട സാധാരണ പ്രമേയത്തിനു[37] വിധേയമായി ഓഹരിമൂലധനം വർദ്ധിപ്പിക്കാൻ കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ ഭരണസമിതിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ കമ്പനിക്കു നൽകിയ ₹133.46 കോടിയുടെ വായ്പയെ ഓഹരിയാക്കി മാറ്റുവാൻ തീരുമാനമെടുത്തപ്പോൾ കമ്പനിയുടെ അംഗീകൃത മൂലധനത്തിൽ വർദ്ധനവ് അനിവാര്യമായി. ഇപ്രകാരം കമ്പനി ബോർഡ് ഓഫ് ഡയറക്ടർമാർ കമ്പനിയുടെ ഓഹരി മൂലധനത്തെ ₹175 കോടിയായി വർദ്ധിപ്പിക്കുകയുണ്ടായി.

---

35 2013-ലെ കമ്പനി നിയമത്താൽ റദ്ദാക്കപ്പെട്ടു.

36 ₹1 ലക്ഷം വരെ ₹4000. ₹ 1 ലക്ഷത്തിനു മീതെ ₹ 5 ലക്ഷം വരെ ഓരോ ₹ 10,000 വർദ്ധനവിനും ₹300, ₹ 5 ലക്ഷത്തിനു മീതെ ₹ 50 ലക്ഷം വരെ ഓരോ ₹10,000 വർദ്ധനവിനും - ₹ 200, ₹ 50 ലക്ഷത്തിനു മീതെ ₹ 1 കോടി വരെ, ഓരോ ₹ 10,000 വർദ്ധനവിനും - ₹100, ₹1 കോടിക്ക് മീതെ ഓരോ ₹10,000 വർദ്ധനവിനും ₹50.

37 ഓഹരി ഉടമകളുടെ വിളിച്ചുകൂട്ടിയ യോഗത്തിലോ, കൈയ്യൊപ്പിനായി ചംക്രമണം ചെയ്യപ്പെട്ട പ്രമേയം മുഖേനയോ, കമ്പനിയുടെ ഓഹരി ഉടമകളാൽ കേവല ഭൂരിപക്ഷത്തോടെ പാസാക്കപ്പെടുന്ന പ്രമേയമാണ് സാധാരണ പ്രമേയം.

ബോർഡ് ഓഫ് ഡയറക്ടർമാരുടെ ഈ തീരുമാനത്തെ തുടർന്ന് പൊതുഭരണസമിതിയിൽ പ്രമേയം പാസ്സാക്കുകയും അപേക്ഷാ ഫീസായ ₹0.80 കോടി[38] ഒടുക്കി രജിസ്ട്രാർ ഓഫ് കമ്പനിയെ ബോധ്യപ്പെടുത്തുകയും വേണമായിരുന്നു. പക്ഷെ, പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത് കമ്പനി മൂന്ന് ജനറൽ മീറ്റിംഗുകൾ[39] നടത്തിയെങ്കിലും ബോർഡ് ഓഫ് ഡയറക്ടർമാർ അംഗീകൃത ഓഹരിമൂലധന വർദ്ധനവിനെപ്പറ്റി തീരുമാനമെടുത്തില്ല എന്നാണ്. ഇതു കാരണം ആർ ഒ സി യിൽ ഇതുവരെയും (ഓഗസ്റ്റ് 2015) അംഗീകൃത മൂലധനത്തിന്റെ വർദ്ധനവിനുള്ള നോട്ടീസ് നൽകിയിട്ടില്ല.

ഇതിനിടെ ഭാരത സർക്കാർ 2013-ലെ കമ്പനി നിയമം നിർമ്മിക്കുകയും,[40] 2014-ലെ കമ്പനി (രജിസ്ട്രേഷൻ ഓഫീസസ് ആന്റ് ഫീസ്) റൂളുകൾ പ്രഖ്യാപിക്കുകയും (മാർച്ച് 2014) ചെയ്തു. 2014-ലെ കമ്പനി (രജിസ്ട്രേഷൻ ഓഫീസസ് ആന്റ് ഫീസ്) റൂളുകൾ പ്രകാരം മൂലധനത്തിന് ₹1 കോടിക്കു മേലുള്ള ഓരോ ₹10000 ത്തിന്റെയും വർദ്ധനവിന് ₹25 ഫീസിൽ വർദ്ധനവ്[41] ഉണ്ടാകുകയും ഈ കാരണത്താൽ കമ്പനി ഒടുക്കേണ്ടിയിരുന്ന ₹0.80 കോടിക്ക് പകരം ₹1.20[42] കോടി ഒടുക്കേണ്ട ബാധ്യത ഉണ്ടാകുകയും ചെയ്തു. ഇതു കാരണം കമ്പനിയുടെ അംഗീകൃത ഓഹരി മൂലധനം ₹15 കോടിയിൽ നിന്നും ₹175 കോടിയായി വർദ്ധിപ്പിക്കേണ്ടതിനാൽ ₹0.80 കോടി നൽകേണ്ട സ്ഥാനത്ത് കമ്പനിക്ക് ₹1.20 കോടി ഫീസായി നൽകേണ്ടി വരുന്ന അവസ്ഥ സംജാതമായി. അങ്ങനെ 1956-ലെ കമ്പനി നിയമപ്രകാരം പ്രവർത്തിച്ചിരുന്നുവെങ്കിൽ കമ്പനിക്ക് അധിക ബാദ്ധ്യതയായ ₹0.40 കോടി[43] ഒഴിവാക്കാമായിരുന്നു.

അംഗീകൃത മൂലധനത്തിന്റെ വർദ്ധനവിനായുള്ള ഉത്തരവ് കേരള സർക്കാരിൽ നിന്നു ലഭിച്ചിരുന്നില്ല എന്ന് കമ്പനി മറുപടി പറയുകയുണ്ടായി. കമ്പനി വിൽക്കുന്ന ഉപഭോക്തൃ സാധനങ്ങളുടെയും മരുന്നുകളുടെയും വിൽപനയിന്മേൽ ലഭിക്കുന്ന 10 ശതമാനം ലാഭവിഹിതവും 2 മാസത്തെ സ്റ്റോക്ക് വിറ്റുവരവും കണക്കാക്കിയാൽ അടയ്ക്കാത്ത ₹0.80

38 [(₹175 കോടി - ₹15 കോടി)/10000]*50

39 16 മെയ് 2013. 24 നവംബർ 2014, 6 ജൂൺ 2015.

40 1 ഏപ്രിൽ 2014 മുതൽ പ്രാബല്യത്തിൽ വന്നു.

41 ₹1 ലക്ഷം വരെ - ₹4000. ₹ 1 ലക്ഷത്തിനു മീതെ, ₹ 5 ലക്ഷം വരെ ഓരോ ₹ 10,000 വർദ്ധനവിനും- ₹300, ₹ 5 ലക്ഷത്തിനു മീതെ, ₹ 50 ലക്ഷം വ്വ, ഓരോ ₹10,000 വർദ്ധനവിനും - ₹ 200, ₹ 50 ലക്ഷത്തിനു മീതെ ₹ 1 കോടി വരെ, ഓരോ ₹ 10,000 വർദ്ധനവിനും - ₹100, ₹1 കോടിക്കുമീതെ ഓരോ ₹10,000 വർദ്ധനവിനും - ₹75.

42 [(₹175 കോടി - ₹15 കോടി)/10000]*75

43 ₹ 1.20 കോടി - ₹ 0.80 കോടി

കോടിക്കു പകരം കമ്പനിക്ക് ₹0.48 കോടി വാർഷിക ലാഭം നേടിയതായി കമ്പനി പറഞ്ഞു.

കമ്പനിയുടെ മറുപടി വസ്തുതകൾക്ക് വിരുദ്ധമായിരുന്നു. എന്തെന്നാൽ മൂലധനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതിന് ഗവൺമെന്റ് നിർദ്ദേശം (മാർച്ച് 2010) നൽകിയിരുന്നു. ഇതനുസരിച്ച് അംഗീകൃത ഓഹരിമൂലധനത്തിന്റെ വർദ്ധനവിന് പൊതുഭരണയോഗത്തിൽ സാധാരണ പ്രമേയം മാത്രം പാസ്സാക്കിയാൽ മതിയായിരുന്നു. നിയമപ്രകാരമുള്ള കുടിശ്ശിക അടയ്ക്കാതെ ലാഭം ഉണ്ടാക്കിയെന്ന കമ്പനിയുടെ വാദം അംഗീകരിക്കത്തക്കതല്ല കാരണം കമ്പനിയുടെ പ്രഥമ കർത്തവ്യം ലാഭം ഉണ്ടാക്കുകയല്ല മറിച്ച് നിയമം പാലിക്കൽ ആണ്. കൂടാതെ സബ്സിഡി ഇനത്തിൽ കമ്പനി വിൽക്കുന്ന ഉപഭോക്തൃ വിഭവങ്ങളുടെയും മരുന്നുകളുടെയും പുറത്തുള്ള നഷ്ടം സർക്കാരിന്റെ ധനസഹായം മൂലം നികത്തുന്നു. ഇത് ഉണ്ടായിട്ടും കമ്പനി 2012-13-ലും 2013-14-ലും യഥാക്രമം ₹80.90 കോടി, ₹89.11 കോടി നഷ്ടമുണ്ടാക്കി.

ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ പ്രകാരം അംഗീകൃത ഓഹരി മൂലധനത്തിലുള്ള വർദ്ധനവിന് പൊതുഭരണയോഗത്തിൽ ഒരു സാധാരണ പ്രമേയം പാസ്സാക്കിയാൽ മതിയെന്ന ഓഡിറ്റിന്റെ വാദത്തെ ഗവൺമെന്റ് അംഗീകരിച്ചു. ഇക്കാര്യത്തിൽ വളരെ നേരത്തെ തന്നെ സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ് എന്നും സർക്കാർ അറിയിച്ചു. അതുകൊണ്ട് കമ്പനിക്കുണ്ടായ ₹0.40 കോടിയുടെ നഷ്ടത്തിന് തെറ്റ് വരുത്തിയ അധികാരികളുടെ മേൽ നടപടി എടുക്കണം എന്ന് ശിപാർശ ചെയ്യുന്നു.

(2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് നം. 3 ലെ ഓഡിറ്റ് ഖണ്ഡിക 3.6 മായി ബന്ധപ്പെട്ടത്)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

₹15 കോടിയുടെ മൂലധനത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ നൽകിയ ₹133.46 കോടിയുടെ വായ്പാ ഓഹരിയാക്കി മാറ്റുന്നതിന് 2009 നവംബറിൽ സർക്കാർ അനുമതി നൽകുകയും ആയതിനായി കമ്പനിയുടെ അംഗീകൃത മൂലധനം കമ്പനി ബോർഡ് ഓഫ് ഡയറക്ടർമാർ ₹175 കോടിയായി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. 2013, 2014, 2015 വർഷങ്ങളിൽ കൂടിയ മൂന്ന് പൊതുഭരണ യോഗങ്ങളിലും പ്രസ്തുത വിഷയം ചർച്ച ചെയ്ത് തീരുമാനമെടുത്തില്ല എന്നും തുടർനടപടികൾ സ്വീകരിച്ചില്ല എന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്റെയും ഇതിനിടെ നിലവിൽ വന്ന പുതിയ 2014-ലെ കമ്പനി ചട്ടപ്രകാരം മൂലധനത്തിൽ ഒരു കോടിക്ക് മേലുള്ള ഓരോ 10,000 രൂപയ്ക്കുമുള്ള മൂലധന വർദ്ധനവിന് രജിസ്ട്രാർ ഓഫ് കമ്പനീസിന് നൽകേണ്ട അപേക്ഷാ ഫീസ് ₹50 എന്നുള്ളത് ₹75 ആക്കി വർദ്ധിപ്പിച്ചതു കാരണം കമ്പനിയ്ക്ക് ₹0.40 കോടിയുടെ അധിക ബാദ്ധ്യത ഉണ്ടായതായുള്ള ഓഡിറ്റ് കണ്ടെത്തലിന്റെയും അടിസ്ഥാനത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു.

വായ്പാ തുക ഇക്വിറ്റി ഷെയറായി മാറ്റാനാണ് ഗവൺമെന്റ് അനുവാദം നൽകിയതെന്നും മൂലധന വർദ്ധനവിന് ഡയറക്ടർ ബോർഡ് തീരുമാനിച്ച ശേഷം 2012, 2013, 2014, 2015 വർഷങ്ങളിൽ 6 തവണ ഗവൺമെന്റിലേയ്ക്ക് ക്ലാരിഫിക്കേഷനു വേണ്ടി കത്തിടപാടുകൾ നടത്തിയിരുന്നുവെന്നും എന്നാൽ അംഗീകാരം നേടാൻ കഴിഞ്ഞില്ല എന്നും ആകെയുള്ള 85,600 ഷെയറുകളിൽ 85588 ഷെയറുകളുടെ ഉടമയായ സംസ്ഥാന ഗവർണ്ണറുടെ അനുമതിയോടെയല്ലാതെ മൂലധനം പത്തിരട്ടിയോളമായി വർദ്ധിപ്പിക്കുന്നത് ഉചിതമല്ല എന്ന ഡയറക്ടർ ബോർഡ് തീരുമാനത്തിൽ തെറ്റ് കാണാൻ കഴിയില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരണം നൽകി. ചെയർമാൻ ഉൾപ്പെടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് എല്ലാവരും നോമിനേറ്റ് ചെയ്യപ്പെട്ടവരാണെന്നും ഇവരിൽ ആരും ഷെയർഹോൾഡേഴ്സിൽ നിന്നും

തെരഞ്ഞെടുക്കപ്പെടുന്നവരല്ലെന്നും ഉദ്യോഗസ്ഥർ തുടർന്ന് ബോധിപ്പിച്ചു.

ഡയറക്ടർ ബോർഡ് മെമ്പർമാരെല്ലാവരും ഗവൺമെന്റ് ഉദ്യോഗസ്ഥരായതുകൊണ്ട് തന്നെ എപ്പോൾ വേണമെങ്കിലും ബോർഡ് മീറ്റിംഗ് കൂടി റിപ്പോർട്ട് ചെയ്യുകയോ റെസല്യൂഷൻ പാസാക്കുകയോ ചെയ്യാമെന്നിരിക്കെ യഥാസമയം കാര്യങ്ങൾ ചെയ്യാത്തതുമൂലം ഗവൺമെന്റ് ബിസിനസ്സിൽ ഉണ്ടായ നഷ്ടം ഒഴിവാക്കാവുന്നതായിരുന്നു എന്ന് സമിതി വിലയിരുത്തി.

ഗവൺമെന്റ് അംഗീകാരം വേണമെന്നുള്ളതുകൊണ്ടാണ് പ്രസ്തുത കാലതാമസം ഉണ്ടായതെന്നും അംഗീകൃത മൂലധനം ₹175 കോടിയായി ഉയർത്തുവാനെടുത്ത തീരുമാനം പുന:പരിശോധിച്ച് ₹143 കോടി ആക്കി നിജപ്പെടുത്തിയതിനാൽ സ്ഥാപനത്തിന് ഓഡിറ്റ് പരാമർശിച്ച അപേക്ഷാഫീസായ ₹1.20 കോടി കൊടുക്കേണ്ടി വന്നിട്ടില്ലെന്നും മൂലധന വർദ്ധനവിനനുസൃതമായി ആകെ ₹96 ലക്ഷമാണ് അടച്ചിട്ടുള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഭാവിയിൽ അംഗീകൃത മൂലധനം ₹175 കോടിയായി ഉയർത്തണമെങ്കിൽ പരാമർശിത തുക അടയ്ക്കേണ്ടി വരുമെന്നും 2014-ലെ കമ്പനി (രജിസ്ട്രേഷൻ ഓഫീസസ് ആന്റ് ഫീസ്) റൂൾ അനുസരിച്ച് ഓരോ ₹10,000/- നും ₹25 വച്ച് അധിക തുക അടയ്ക്കേണ്ടി വരുമെന്നും സീനിയർ ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുക തിരിച്ചടയ്ക്കാത്തതിനാൽ കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഇക്വിറ്റി ഷെയറാക്കി മാറ്റുകയാണ് മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും ചെയ്യുന്നതെന്ന് സമിതി നിരീക്ഷിച്ചു.

ഗവൺമെന്റിൽ നിന്ന് സബ്സിഡി എല്ലാ വർഷവും ലഭിക്കുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി സബ്സിഡി ലഭിക്കുന്നുണ്ടെന്നും എന്നാൽ സബ്സിഡിയായി ലഭിക്കുന്ന തുകയെക്കാൾ കൂടുതൽ തുക മുഖവില വരുന്ന ഉൽപ്പന്നങ്ങൾ സബ്സിഡി ഇനത്തിൽ വിൽക്കേണ്ടി വരുന്നതിനാൽ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും വിപണിവില പിടിച്ചുനിർത്തുന്നതിനായി കൂടുതൽ സബ്സിഡി ഇനങ്ങൾ സപ്ലൈകോ വഴി

വിപണിയിലെത്തിച്ച് വിറ്റഴിക്കുന്നതിനാൽ നോൺ സബ്സിഡി ഇനങ്ങളുടെ വിൽപ്പനയിലൂടെ സപ്ലൈകോയ്ക്ക് ലഭിക്കുന്ന ലാഭം ഇതുമൂലമുണ്ടാകുന്ന നഷ്ടം നികത്താനായി ഉപയോഗിക്കുന്നു എന്നും വകുപ്പ സെക്രട്ടറി മറുപടി നൽകി. സപ്ലൈകോയ്ക്ക് ലഭ്യമാക്കുന്ന സബ്സിഡി തുകയ്ക്ക് മാത്രം സബ്സിഡി കൊടുത്താൽ മതി എന്ന തീരുമാനം സർക്കാർ നടപ്പാക്കിയാൽ സപ്ലൈകോ നഷ്ടത്തിലാകുന്ന സ്ഥിതിവിശേഷം ഉണ്ടാകില്ല എന്നും വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

വായ്പ തുക ഇക്വിറ്റി ഷെയറാക്കി മാറ്റുന്നതിന് ഗവൺമെന്റ് അനുവാദം നൽകുന്നത് ഇതിനാലാണെന്നും കോർപ്പറേഷന് ലാഭമുണ്ടാകണമെങ്കിൽ ക്രോസ് സബ്സിഡി സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. മുൻ വർഷം ₹450 കോടി സ്റ്റേറ്റ് ഇനിഷ്യേറ്റീവായി കിട്ടേണ്ടതുണ്ടായിരുന്നതിൽ ₹200 കോടി മാത്രമാണ് സർക്കാരിൽ നിന്നും നൽകിയതെന്നും ബാക്കി തുക എഫ്.എം.സി.ജി. (fast moving consumer goods) ഇനങ്ങളുടെയും സബ്സിഡിയില്ലാത്ത സാധനങ്ങളുടെയും വിൽപ്പനയിലൂടെ കണ്ടെത്താൻ സാധിച്ചിരുന്നുവെങ്കിലും കോർപ്പറേഷൻ നഷ്ടത്തിലേയ്ക്കാണ് പോയതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു.

ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ മൊത്തവിതരണക്കാരുടെ ആസ്ഥാനവുമായി ബന്ധപ്പെട്ട് ഉൽപ്പാദന വിലയിൽ ഉൽപന്നങ്ങൾ വാങ്ങുമ്പോൾ സാധാരണ മാർക്കറ്റ് വിലയേക്കാൾ വില കുറച്ച് വിൽക്കാനും അതുവഴി വിൽപ്പന വർദ്ധിപ്പിച്ച് ലാഭമുണ്ടാക്കാനും സ്ഥാപനം ശ്രമിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ബിവറേജസ് കോർപ്പറേഷനെ സപ്ലൈകോയിൽ നിന്ന് വേർപെടുത്തിയത് സ്ഥാപനത്തിന്റെ നഷ്ടത്തിനുള്ള ഒരു കാരണമായി സമിതി കണ്ടെത്തുകയും, അതേ സമയം 1500 ഔട്ട്ലെറ്റുകൾ, ഗോഡൗണുകൾ ആവശ്യമായ സ്റ്റാഫ് എന്നിവയുള്ള സ്ഥാപനത്തിന് ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് നിരീക്ഷിക്കുകയും ചെയ്തു.

<u>നിഗമനങ്ങൾ / ശിപാർശകൾ</u>

1. കോർപ്പറേഷന് നൽകിയ ₹ 133.46 കോടിയുടെ വായ്പ ഓഹരിയാക്കുന്നതിനും, മൂലധനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതിനും 7.11.2009 ലെ GO(MS) No. 32/2009/F& CSD നമ്പർ സർക്കാർ ഉത്തരവിലൂടെ കോർപ്പറേഷന് അനുമതി നൽകിയെങ്കിലും ഏകദേശം ഒന്നര വർഷത്തിനുശേഷം മാത്രമാണ് കമ്പനിയുടെ മൂലധനം ₹15 കോടിയിൽ നിന്ന് ₹175 കോടിയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം കോർപ്പറേഷൻ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മുമ്പിൽ സമർപ്പിച്ചതെന്നും തുടർന്ന് 19.2.2015 ൽ മാത്രമാണ് മൂലധനം ₹143 കോടിയാക്കി നിജപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടതെന്നും സമിതി നിരീക്ഷിക്കുന്നു. സർക്കാരിന്റെ ഉത്തരവിനനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതിൽ കോർപ്പറേഷൻ അക്ഷന്തവ്യമായ കാലതാമസം വരുത്തിയതായും സമിതി വിലയിരുത്തുന്നു.

2. 1956 ലെ കമ്പനി നിയമത്തിന് പകരം നടപ്പിലാക്കപ്പെട്ട 2013ലെ കമ്പനി നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രാബല്യത്തിൽ വന്ന 2014-ലെ കമ്പനീസ് (രജിസ്ട്രേഷൻ ഓഫീസസ് & ഫീസ്) ചട്ടങ്ങൾ പ്രകാരം ₹1 കോടിക്കുമേൽ ഓരോ ₹10,000 ന്റെ ഓഹരി മൂലധന വർദ്ധനവിനുമുള്ള അപേക്ഷാ ഫീ ₹50 ൽ നിന്ന് ₹75 ആയി വർദ്ധിപ്പിച്ചത് നിമിത്തം ₹143 കോടിയായി വർദ്ധിപ്പിച്ച കമ്പനിയുടെ ഓഹരി മൂലധനത്തിന്മേലുള്ള] കമ്പനിയുടെ ഓഹരി മൂലധനവർദ്ധനവിന്മേലുള്ള അപേക്ഷാ ഫീ ഇനത്തിലുണ്ടായിട്ടുള്ള ₹0.40 കോടിയുടെ അധിക ബാധ്യത ഓഹരി മൂലധനവർദ്ധനവ് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നതിൽ കോർപ്പറേഷൻ വരുത്തിയ കാലതാമസം കാരണമാണെന്ന് സമിതി വിലയിരുത്തുന്നു.

3. മൂലധനത്തിലെ വർദ്ധനവ് അംഗീകൃത മൂലധനത്തെക്കാൾ കൂടുതൽ ആണെങ്കിൽ പ്രസ്തുത വിഷയത്തിൽ പൊതുഭരണസമിതി പ്രമേയം പാസ്സാക്കുകയും ഈ വിഷയം 30 ദിവസത്തിനുള്ളിൽ രജിസ്ട്രാർ ഓഫ് കമ്പനീസിനെ അറിയിക്കുകയും ചെയ്യേണ്ടതാണെന്ന് 1956 ലെ കമ്പനി നിയമം 97(1) വകുപ്പ് അനുശാസിക്കുന്നു. അത്തരത്തിലുള്ള നടപടിക്രമം പാലിക്കുന്നതിലും കോർപ്പറേഷൻ വീഴ്ച വരുത്തിയതായി സമിതി നിരീക്ഷിച്ചു. നടപടക്രമങ്ങൾ പാലിക്കുന്നതിൽ കോർപ്പറേഷൻ ജാഗ്രത പാലിക്കണമെന്നും, ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

4. കോർപ്പറേഷനെ നഷ്ടത്തിൽ നിന്നും കരകയറ്റുക എന്ന ഉദ്ദേശ്യത്തോടെയുള്ള സർക്കാർ ഉത്തരവിന്മേൽപോലും യഥാസമയം നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നത് കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിലുള്ള അലംഭാവത്തിന്റെ ഉത്തമ ഉദാഹരണമായി സമിതി വീക്ഷിക്കുന്നു.

5. 2009 നവംബർ മാസത്തെ സർക്കാർ ഉത്തരവിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച്, പ്രസ്തുത വിഷയം ബോർഡ് ഓഫ് ഡയറക്ടേഴ്സിന് മുന്നിൽ എത്തിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കമ്പനിയുടെ മൂലധനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 2009 നവംബർ മാസത്തെ സർക്കാർ ഉത്തരവ് അനുസരിച്ച് കമ്പനി സ്വീകരിച്ച തുടർനടപടി സംബന്ധിച്ച സമഗ്ര റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.

**സി.ദിവാകരൻ**
ചെയർമാൻ
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം
11.01.2021

## അനുബന്ധം 1

## സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നം. (1) | ഖണ്ഡിക നം. (2) | ബന്ധപ്പെട്ട വകുപ്പ് (3) | നിഗമനങ്ങൾ/ശിപാർശകൾ (4) |
|---|---|---|---|
| 1. | 1 | ഭക്ഷ്യപൊതു വിതരണ വകുപ്പ് | കോർപ്പറേഷന് നൽകിയ ₹ 133.46 കോടിയുടെ വായ്പ ഓഹരിയാക്കുന്നതിനും, മൂലധനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതിനും 7.11.2009 ലെ GO(MS) No. 32/2009/F& CSD നമ്പർ സർക്കാർ ഉത്തരവിലൂടെ കോർപ്പറേഷന് അനുമതി നൽകിയെങ്കിലും ഏകദേശം ഒന്നര വർഷത്തിനുശേഷം മാത്രമാണ് കമ്പനിയുടെ മൂലധനം ₹15 കോടിയിൽ നിന്ന് ₹175 കോടിയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം കോർപ്പറേഷൻ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മുമ്പിൽ സമർപ്പിച്ചതെന്നും തുടർന്ന് 19.2.2015 ൽ മാത്രമാണ് മൂലധനം ₹143 കോടിയാക്കി നിജപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടതെന്നും സമിതി നിരീക്ഷിക്കുന്നു. സർക്കാരിന്റെ ഉത്തരവിനനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതിൽ കോർപ്പറേഷൻ അക്ഷന്തവ്യമായ കാലതാമസം വരുത്തിയതായും സമിതി വിലയിരുത്തുന്നു. |
| 2 | 2 | | 1956 ലെ കമ്പനി നിയമത്തിന് പകരം നടപ്പിലാക്കപ്പെട്ട 2013ലെ കമ്പനി നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രാബല്യത്തിൽ വന്ന 2014-ലെ കമ്പനീസ് (രജിസ്ട്രേഷൻ ഓഫീസസ് & ഫീസ്) ചട്ടങ്ങൾ പ്രകാരം ₹1 കോടിക്കുമേൽ ഓരോ ₹10,000 ന്റെ ഓഹരി മൂലധന വർദ്ധനവിനുമുള്ള അപേക്ഷാ ഫീ ₹50 ൽ നിന്ന് ₹75 ആയി വർദ്ധിപ്പിച്ചത് നിമിത്തം ₹143 കോടിയായി വർദ്ധിപ്പിച്ച കമ്പനിയുടെ ഓഹരി മൂലധനത്തിന്മേലുള്ള] കമ്പനിയുടെ ഓഹരി മൂലധനവർദ്ധനവിന്മേലുള്ള അപേക്ഷാ ഫീ ഇനത്തിലുണ്ടായിട്ടുള്ള ₹0.40 കോടിയുടെ അധിക ബാധ്യത ഓഹരി മൂലധനവർദ്ധനവ് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നതിൽ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | വരുത്തിയ കാലതാമസം കാരണമാണെന്ന് സമിതി വിലയിരുത്തുന്നു. |
| 3 | 3 | | മൂലധനത്തിലെ വർദ്ധനവ് അംഗീകൃത മൂലധനത്തെക്കാൾ കൂടുതൽ ആണെങ്കിൽ പ്രസ്തുത വിഷയത്തിൽ പൊതുഭരണസമിതി പ്രമേയം പാസ്സാക്കുകയും ഈ വിഷയം 30 ദിവസത്തിനുള്ളിൽ രജിസ്ട്രാർ ഓഫ് കമ്പനീസിനെ അറിയിക്കുകയും ചെയ്യേണ്ടതാണെന്ന് 1956 ലെ കമ്പനി നിയമം 97(1) വകുപ്പ് അനുശാസിക്കുന്നു. അത്തരത്തിലുള്ള നടപടിക്രമം പാലിക്കുന്നതിലും കോർപ്പറേഷൻ വീഴ്ച വരുത്തിയതായി സമിതി നിരീക്ഷിച്ചു. നടപടക്രമങ്ങൾ പാലിക്കുന്നതിൽ കോർപ്പറേഷൻ ജാഗ്രത പാലിക്കണമെന്നും, ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 4 | 4 | | കോർപ്പറേഷനെ നഷ്ടത്തിൽ നിന്നും കരകയറ്റുക എന്ന ഉദ്ദേശ്യത്തോടെയുള്ള സർക്കാർ ഉത്തരവിന്മേൽ പോലും യഥാസമയം നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നത് കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിലുള്ള അലംഭാവത്തിന്റെ ഉത്തമ ഉദാഹരണമായി സമിതി വീക്ഷിക്കുന്നു. |
| 5 | 5 | | 2009 നവംബർ മാസത്തെ സർക്കാർ ഉത്തരവിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച്, പ്രസ്തുത വിഷയം ബോർഡ് ഓഫ് ഡയറക്ടേഴ്സിന് മുന്നിൽ എത്തിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കമ്പനിയുടെ മൂലധനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 2009 നവംബർ മാസത്തെ സർക്കാർ ഉത്തരവ് അനുസരിച്ച് കമ്പനി സ്വീകരിച്ച തുടർനടപടി സംബന്ധിച്ച സമഗ്ര റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു. |

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-21)

## നൂറ്റിഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(18-01-2021-ന് സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

FCB2A/JK/PUC/Draft Report/Steel & Industrial Forgings../12.1.21

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)

## നൂറ്റിഇരുപത്തിരണ്ടാമത് റിപ്പോർട്ട്

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനെ സംബന്ധിച്ച്
(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)

FCB2A/JK/PUC/Draft Report/Steel & Industrial Forgings../12.1.21

# ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന :

ആമുഖം :

റിപ്പോർട്ട് :

അനുബന്ധം - 1

സമിതിയുടെ നിഗമനങ്ങളും ശിപാർശകളും

അനുബന്ധം - 2

ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി

# സമിതിയുടെ ഘടന (2019-21)

**അദ്ധ്യക്ഷൻ**

ശ്രീ. സി. ദിവാകരൻ

**അംഗങ്ങൾ**

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ.എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)യുടെ അദ്ധ്യക്ഷനായ ഞാൻ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (എസ്.ഐ.എഫ്.എൽ) എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.10 ന്മേൽ തയ്യാറാക്കിയ 122-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 23.05.2017-ാം തീയതി സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2016-19) -ന്റെ 18.07.2018-ൽ കൂടിയ സമിതിയോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-21)-ന്റെ 11.01.2021-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാ വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിനു ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ വ്യവസായ വകുപ്പിലെയും സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെയും ഉദ്യോഗസ്ഥർക്കും സമിതി നന്ദി അറിയിക്കുന്നു.

**സി.ദിവാകരൻ**
ചെയർമാൻ
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം
11.01.2021.

# റിപ്പോർട്ട്

## സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനെ സംബന്ധിച്ച്

**ഓഡിറ്റ് ഖണ്ഡിക**

### 3.10 നിഷ്ക്രിയമായി കെട്ടിക്കിടക്കുന്ന തിരസ്കൃത ഉത്പന്നങ്ങൾ.

**സാമ്പിളുകൾ പരിശോധിച്ചപ്പോൾ ഡി.എം.ഡബ്ല്യു ചൂണ്ടിക്കാട്ടിയ കുറവുകൾ പരിഹരിക്കാതെ കാംഷാഫ്റ്റ് ഗിയർ വൻതോതിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുതു മൂലം ₹8.48 ലക്ഷത്തിന്റെ നഷ്ടത്തിനും ₹2.13 കോടിയുടെ തിരസ്കൃത ഉത്പന്നങ്ങൾ നിഷ്ക്രിയമായി കെട്ടിക്കിടക്കുന്നതിനും ഇടയാക്കി.**

ഫോർജിംഗ്സിന്റെ ഉത്പാദനത്തിലും മാർക്കറ്റിംഗിലും ഏർപ്പെട്ടിരുന്ന സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (കമ്പനി) മൊത്തം ₹5,20,39,078 മൂല്യം വരുന്ന 1,198 'എസ്ഐഎഫ്എൽ 263 എം കാംഷാഫ്റ്റ് ഗിയർ റെഡി ടു ഹോബ്' (കാംഷാഫ്റ്റ് ഗിയർ) എല്ലാം ഉൾപ്പെടെ ഗിയറൊന്നിന് ₹43,438.30 വെച്ച് വിതരണം ചെയ്യുന്നതിനുള്ള ഓർഡർ റെയിൽവേ മന്ത്രാലയത്തിന്റെ ഡീസൽ ലോക്കോ മോഡേണൈസേഷൻ വർക്ക്സ്, പാട്യാല, (ഡിഎംഡബ്ല്യു)യുടെ പക്കൽ നിന്നും നേടി (ഒക്ടോബർ 2013). ദർഘാസ് പ്രകാരം ഓർഡർ തീയതി മുതൽ 45 ദിവസത്തിനകം (നവംബർ 2013) കമ്പനി മൂന്ന് സാമ്പിളുകൾ ഡി.എം.ഡബ്ല്യു-ന് പരിശോധനയ്ക്കായി സമർപ്പിക്കണമായിരുന്നു. ഡി.എം. ഡബ്ല്യു വിൽ നിന്ന് അനുമതി ലഭിച്ചശേഷം വൻതോതിലുള്ള വിതരണം ആരംഭിക്കേണ്ടതായിരുന്നു. കമ്പനി മൂന്ന് സാമ്പിളുകൾ 2013 നവംബർ 4-ന് വിതരണം ചെയ്തു. ഭാവിയിൽ വിതരണം ചെയ്യുന്നവ വ്യക്തമായ അളവുകൾ പ്രകാരവും ഡ്രോയിങ്സ് നമ്പർ 10142691 ആൾട്ട് "നിൽ"അനുസരിച്ച് വേണമെന്ന വ്യവസ്ഥയോടെ ഡി.എം.ഡബ്ല്യു സാമ്പിളുകൾ ക്ലിയർ ചെയ്തു (ഡിസംബർ 2013.)

തുടർന്ന് 350 ഗിയറുകൾ 2014 ഫെബ്രുവരിക്കകവും ബാക്കി 845 എണ്ണം പ്രതിമാസം 150 എണ്ണം എന്ന കണക്കിൽ 31 ആഗസ്റ്റ് 2014 നകവും വിതരണം നടത്തേണ്ടതായിരുന്നു. അപ്രകാരം കമ്പനി 943 ഗിയറുകൾ ജനുവരി 2016 വരെ വിതരണം നടത്തിയതിൽ വെറും 262 ഗിയറുകൾ (28 ശതമാനം) മാത്രം ഡി.എം.ഡബ്ല്യു സ്വീകരിക്കുകയും ഉത്പന്നത്തിന് വ്യക്തമാക്കിയ അളവുകളിൽ നിന്നും വ്യത്യാസം വന്നതിനാൽ 681 ഗിയറുകൾ (72 ശതമാനം)

തിരസ്കരിക്കുകയും ചെയ്തു. ഷെഡ്യൂൾ ഡെലിവറി തീയതിയും എണ്ണവും, യഥാർത്ഥ വിതരണ തീയതിയും എണ്ണവും, തിരസ്കൃതമായ തീയതിയും എണ്ണവും, തിരസ്കരണത്തിന്റെ കാരണവും അനുബന്ധം 22-ൽ കൊടുത്തിരിക്കുന്നു.

ഇതിനിടെ കമ്പനി ഡെലിവറി പിരീഡ് ഡിസംബർ 2016 വരെ നീട്ടിത്തരണമെന്ന് അപേക്ഷിക്കുകയും (ഏപ്രിൽ 2016) അത് പ്രകാരം അടിസ്ഥാനനിരക്കായ ₹36,819-ൽ നിന്നും തങ്ങൾക്ക് അവസാനം ലഭ്യമായ നിരക്കായ ₹26,159 ലേക്ക് വില കുറയ്ക്കുകയും വേണം എന്ന വ്യവസ്ഥയിൽ ഡി.എം.ഡബ്ല്യു അതിന് സമ്മതിക്കുകയും (ഏപ്രിൽ 2016) ചെയ്തു. ആവശ്യപ്പെട്ട അളവുകളിൽ നിന്നും ബോർ ഓവർസൈസ്, റൺഔട്ട്, പാരലിലിസം മുതലായ വ്യതിയാനങ്ങളായിരുന്നു തിരസ്കരണത്തിന്റെ കാരണം. ഈ ഉയർന്ന തോതിലുള്ള തിരസ്കരണത്തിന് സ്വീകരിച്ചിട്ടുള്ള പരിശോധനാ രീതി ഡ്രോയിംഗ്സിൽ സൂചിപ്പിച്ചിരുന്നില്ലെന്ന് കമ്പനി ഡി.എം.ഡബ്ല്യു വിന്റെ ശ്രദ്ധയിൽപ്പെടുത്തി (ജൂൺ 2014). എന്നാൽ പരിശോധനാ രീതി പലപ്രാവശ്യം മുൻപേ കമ്പനിയെ കാണിച്ചുതന്നിട്ടുള്ളതാണെന്നും ഡ്രോയിംഗ്സിൽ ബോർ ചെക്കിംഗ് മുമ്പേ തന്നെ സൂചിപ്പിച്ചിട്ടുള്ളതാണെന്നും ഡ്രോയിംഗ്സിലെ പരിശോധനാചാർട്ടിൽ ലഭ്യമാണെന്നും വ്യക്തമാക്കിക്കൊണ്ട് കമ്പനിയുടെ വാദം ഡി.എം.ഡബ്ല്യു നിരസിച്ചു. അതിനാൽ കമ്പനിക്ക് തിരസ്കൃതമായ ഉത്പന്നങ്ങൾ ₹7.87 ലക്ഷം മുടക്കി തിരിച്ചെടുക്കേണ്ടിവന്നു. ഡി.എം.ഡബ്ല്യു ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിക്കുന്നതിനു വേണ്ടി കമ്പനി മെസ്സേഴ്സ് പാർത്ഥസാരഥി ഡിഎൻസി ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് കോയമ്പത്തൂർ (മെസ്സേഴ്സ് പാർത്ഥസാരഥി) എന്ന സ്ഥാപനത്തെ ഏർപ്പാടാക്കി.

ഞങ്ങൾ നിരീക്ഷിച്ചതെന്തെന്നാൽ:

* ഉത്പ്പന്നം പൂർണ്ണമായും ഒരു പുതിയ ഇനം ആയിരുന്നില്ല. കമ്പനി സ്ഥിരമായി കാം ഷാഫ്റ്റ് ഗിയറുകൾ ഡി.എം.ഡബ്ല്യു വിന് വിതരണം ചെയ്തിരുന്നു. പ്രസ്തുത ടെണ്ടർ മാർക്കറ്റിലേക്കുള്ള ഒരു പുതിയ പ്രവേശനമായി കരുതാൻ കാരണം ഈ കാം ഷാഫ്റ്റ് ഗിയറുകൾ മുമ്പേ വിതരണം ചെയ്യപ്പെട്ട ഗിയറുകളെ അപേക്ഷിച്ച് 'റെഡി ടു ഹോബ് ' കണ്ടീഷൻ ആകുന്നതിന് കൂടുതലായി മെഷീനിംഗ് ആവശ്യമായിരുന്നു. എന്നാൽ മതിയായ ഫണ്ടിന്റെ അഭാവത്താൽ ടെണ്ടറിൽ ക്വോട്ട് ചെയ്യുന്നതിന് മുമ്പ് അവസാന മിനുക്കുപണികളായ ഗിയർ ഷെയ്പ്പിംഗ്, ഹീറ്റ് ട്രീറ്റ്മെന്റ്, ഇൻസ്പെക്ഷൻ എന്നീ ആവശ്യമായ ഉപകരണങ്ങൾ കമ്പനി വാങ്ങിയിരുന്നില്ല.

* അവസാന മിനുക്കുപണികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ അഭാവത്തിൽ കമ്പനി അത്താണിയിലുള്ള ഫാക്ടറിയിൽ ഘടകങ്ങൾ രൂപപ്പെടുത്തുകയും, ഹീറ്റ് ട്രീറ്റ്മെന്റ് കമ്പനിയുടെ

പുറം കരാറുകാരാൽ നടത്തപ്പെടുകയും, റെഡിട്ട ഹോബിനുവേണ്ടിയുള്ള മെഷീനിംഗ് കമ്പനിയുടെ ഷൊർണ്ണൂരിലുള്ള സ്വന്തം മെഷീനിംഗ് യൂണിറ്റിലും കോയമ്പത്തൂരിലെ കമ്പനിയുടെ കരാറുകാരനായ എംഎസ് എൻജിനീയറിംഗ് യൂണിറ്റിലു- മായി നടത്തപ്പെടുകയും ചെയ്തു. ഡി.എം.ഡബ്ല്യു നിഷ്കർഷിച്ച അളവുകൾ സ്വന്തം യൂണിറ്റിലും കരാറുകാരന്റെ യൂണിറ്റിലും മെഷീനിംഗ് നടത്തിയ ഉത്പന്നങ്ങൾ പാലിച്ചിട്ടില്ല.

* മെയ് 2014-ൽ തിരസ്കരിക്കപ്പെട്ട 681 ഗിയറുകളുടെ പോരായ്മകൾ തിരസ്കരിക്കപ്പെട്ട് 36 മാസത്തിനുശേഷവും കമ്പനിക്ക് പരിഹരിക്കാൻ സാധിച്ചിട്ടില്ല (ജനുവരി 2017).

* ഒരു കാം ഷാഫ്റ്റ് ഗിയറിന്റെ വ്യതിയാനപ്പെടുന്ന യഥാർത്ഥ ഉത്പ്പാദന ചെലവ് യൂണിറ്റിന് ₹31,287.56 ആയിരുന്നു. എന്നാൽ നിഷ്കർഷിക്കപ്പെട്ട അളവുകൾ പ്രകാരം ഷെഡ്യൂൾഡ് ഡെലിവറി സമയത്തിനകം വിതരണം ചെയ്യാൻ പരാജയപ്പെട്ടതിനാൽ 938 ഗിയറുകൾക്ക് ഉത്പ്പാദനച്ചെലവിലും കുറഞ്ഞ വില കമ്പനിക്ക് സമ്മതിക്കേണ്ടിവന്നു.

ഡി.എം.ഡബ്ല്യു നിഷ്കർഷിച്ച അളവുകൾക്കനുസരിച്ച് ഉത്പന്നം വിതരണം ചെയ്യുന്നതിനുള്ള ശേഷിയും പ്രാവീണ്യവും ഉറപ്പുവരുത്താതെ ബിഡിൽ പങ്കെടുക്കാനുള്ള തീരുമാനവും വലിയ അളവിൽ ഡി.എം.ഡബ്ല്യു ചൂണ്ടിക്കാട്ടിയ തെറ്റുകൾ പരിഹരിക്കാതെയുള്ള ഉത്പാദനവും മൂലം ₹8.48 ലക്ഷത്തിന്റെ[109] നഷ്ടവും ₹2.13 കോടിയുടെ[110] തിരസ്കരിക്കപ്പെട്ട ഉത്പ്പന്നങ്ങൾ നിഷ്ക്രിയമായി കെട്ടിക്കിടക്കുന്നതിനും ഇടയാക്കി.

മുൻപേ വിതരണം ചെയ്ത ഉത്പ്പന്നങ്ങളുടെ ഫീഡ്ബാക്ക് കിട്ടാതിരുന്നപ്പോഴും ഡി.എം.ഡബ്ല്യു അടിയന്തര വിതരണത്തിന് നിർബന്ധിച്ചത് മൂലമാണ് കമ്പനി ഉത്പന്നം വിതരണം നടത്തിയത് എന്ന് മറുപടി നൽകി (ആഗസ്റ്റ് 2016). കൂടാതെ, ഗുഡ്സ് റിസീവ്ഡ് നോട്ടിന് എതിരെ പണം നൽകികൊണ്ടിരുന്നതിനാൽ ഉത്പ്പന്നങ്ങൾ സ്വീകരിച്ചതായി കമ്പനി കണക്കാക്കി എന്നും മറുപടി നൽകി.

പരിശോധനയുടെ രീതി കമ്പനിയെ പല പ്രാവശ്യം കാണിച്ചുകൊടുത്തിട്ടുണ്ടെന്ന് ഡി.എം.ബ്ല്യു വ്യക്തമാക്കിയിട്ടുള്ളതാണ് (ജൂൺ 2014) എന്നതിനാൽ കമ്പനിയുടെ മറുപടി സ്വീകാര്യമല്ല. തിരസ്കരിക്കപ്പെട്ട ഗിയറുകൾ വീണ്ടും ഉപയോഗപ്രദമാക്കുന്നതിന് മെസ്സേഴ്സ് പാർത്ഥസാരഥിയെ ഡിസംബർ 2015-ൽ തെരഞ്ഞെടുത്തെങ്കിലും കമ്പനിയ്ക്ക് നാളിതുവരെ (ജനുവരി 2017)

109
262 എണ്ണം വിറ്റതിന്മേലുള്ള ഗതാഗത ചെലവ് ₹7.87 ലക്ഷം +കോൺട്രിബ്യൂഷൻ നഷ്ടം (വില്പനവില-വ്യതിയാന ചെലവ്).

110
681 എണ്ണം x ₹31,287.56

തിരസ്കരിക്കപ്പെട്ട ഉത്പന്നങ്ങളുടെ പോരായ്മ പരിഹരിച്ച് വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം സർക്കാരിനെ അറിയിച്ചു (ജൂലൈ 2016). അവരുടെ മറുപടി പ്രതീക്ഷിക്കുന്നു. (ഫെബ്രുവരി 2017).

(2016 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് നമ്പർ 4 -ലെ ഓഡിറ്റ് ഖണ്ഡിക 3.10 മായി ബന്ധപ്പെട്ടത്)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

<u>സമിതി നടത്തിയ ചർച്ചയുടെ വിശദാംശങ്ങളും കണ്ടെത്തലുകളും.</u> സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, റെയിൽവേ മന്ത്രാലയത്തിന്റെ ഡീസൽ ലോക്കോ മോഡേണൈസേഷൻ വർക്സ് (ഡി.എം.ഡബ്ല്യൂ. പാട്യാല)-ന് ജനുവരി 2016 വരെ വിതരണം ചെയ്ത 943 കാംഷാഫ്റ്റ് ഗിയറുകളിൽ ഡി.എം.ഡബ്ല്യൂ ഓർഡർ ചെയ്ത സ്പെസിഫിക്കേഷനിൽനിന്ന് വ്യത്യാസം വന്നതിനെതുടർന്ന് അവർ ചൂണ്ടിക്കാട്ടിയ കുറവുകൾ പരിഹരിക്കാത്തതിനാൽ 681 ഗിയറുകൾ തിരസ്കരിക്കപ്പെടുകയും ഇതുമൂലം 8.48 ലക്ഷം രൂപയുടെ നഷ്ടത്തിനും 2.13 കോടി രൂപയുടെ തിരസ്കരിക്കപ്പെട്ട ഉൽപ്പന്നങ്ങൾ നിഷ്ക്രിയമായി കെട്ടിക്കിടക്കുന്നതിനും ഇടയാക്കിയതായുള്ള ഓഡിറ്റ് കണ്ടെത്തലുകൾക്ക് കമ്പനി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതു സംബന്ധിച്ച വിശദീകരണവും നിഷ്കർഷിക്കപ്പെട്ട അളവുകൾ പ്രകാരം ഗിയറുകൾ തയ്യാറാക്കി സമയക്രമം പാലിച്ച് വിതരണം ചെയ്യാൻ സാധിക്കാത്തതുമൂലം 938 ഗിയറുകളുടെ വിപണനം ഉൽപാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് നടത്താൻ കമ്പനി നിർബന്ധിതമായത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണത്തെക്കുറിച്ചുള്ള വിശദീകരണവും ആവശ്യപ്പെട്ടു.

ഡി.എം.ഡബ്ല്യൂ-ന് വിതരണം ചെയ്ത 943 കാംഷാഫ്റ്റ് ഗിയറുകളിൽ 681 എണ്ണം തിരസ്കരിച്ചതിനാൽ അവ ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം ഉണ്ടായതായുള്ള എ.ജി.യുടെ കണ്ടെത്തൽ വ്യവസായ വകുപ്പ് സെക്രട്ടറി ശരിവച്ചു. 2014 മേയ് മാസം തിരസ്കരിക്കപ്പെട്ട 681 ഗിയറുകളുടെ പോരായ്മകൾ, ചൂണ്ടിക്കാട്ടി 36 മാസത്തിനുശേഷവും പരിഹരിക്കാൻ സാധിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സാങ്കേതികമായി ശരിയാണെങ്കിലും ഇൻസ്പെക്ഷൻ ഏജൻസിയായ 'റൈറ്റ്സ് '-ന്റെ അംഗീകാരത്തോടെ ഡി.എം.ഡബ്ല്യൂ മുൻപ് സ്വീകരിച്ചിരുന്ന ഉത്പന്നങ്ങളാണ് ഇപ്പോൾ തിരസ്കരിക്കപ്പെ- ട്ടതെന്നും ഡി.എം.ഡബ്ല്യൂ ആവശ്യപ്പെട്ട പ്രകാരം പോരായ്മകൾ പരിഹരിച്ച ഉത്പന്നങ്ങൾ 'റൈറ്റ്സ്'-ന്റെ പരിശോധനയ്ക്കുശേഷം മാത്രമേ സ്വീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന് ഡി.എം.ഡബ്ല്യൂ അറിയിച്ചതിനെത്തുടർന്ന് റൈറ്റ്സ് മുഖേന പരിശോധന നടത്തുവാൻ ഡി.എം.ഡബ്ല്യൂ-ന് കത്ത്

നൽകിയെങ്കിലും പ്രസ്തുത ഉത്പന്നങ്ങൾ പരിശോധിക്കുവാൻ 'റൈറ്റ്സ്' തയ്യാറാകാത്തതാണ് ഉത്പന്നങ്ങളുടെ വിതരണത്തിന് തടസ്സമായി ഭവിച്ചതെന്നും ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി.

ഡി.എം.ഡബ്ല്യു നൽകിയിട്ടുള്ള ഡ്രോയിംഗിൽ പറഞ്ഞിരിക്കുന്ന അളവിൽ നിന്നും വളരെ സൂക്ഷ്മമായ മാറ്റങ്ങളേ വന്നിട്ടുള്ളൂ എന്നും കമ്പനി ഉദ്യോഗസ്ഥർ പാട്യാലയിൽ പോയി ഡി.എം.ഡബ്ല്യു നിഷ്കർഷിച്ച അളവുപ്രകാരം അനുയോജ്യമായ പ്രത്യേക രൂപരേഖ വികസിപ്പിച്ചെടുത്ത് അവർ ആവശ്യപ്പെട്ട ഉൽപ്പന്നങ്ങൾ കമ്പനി ഉൽപാദിപ്പിക്കുകയും, ന്യൂനതകൾ പരിഹരിച്ച 50 ഗിയറുകളിൽ 5 എണ്ണം ഡി.എം.ഡബ്ല്യു സ്വീകരിക്കുകയും ചെയ്തതായും ബാക്കിയുള്ള 45 ഗിയറുകളിന്മേലാണ് 'റൈറ്റ്സ് ' മുഖേന ഇൻസ്പെക്ഷൻ നടത്തുന്നതിന് ഡി.എം.ഡബ്ല്യു വിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

ഡി.എം.ഡബ്ല്യു-ന് നൽകുന്നതിനായി ഉത്പാദിപ്പിച്ച കാം ഷാഫ്റ്റ് ഗിയർ ഒരു പുതിയ ഉത്പന്നമായിരുന്നില്ലെന്നും കമ്പനി സ്ഥിരമായി കാംഷാഫ്റ്റ് ഗിയറുകൾ ഡി.എം.ഡബ്ല്യു-ന് വിതരണം ചെയ്തിരുന്നുവെന്നുമുള്ള എ.ജി. യുടെ നിരീക്ഷണം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന്, മുൻപ് പ്രീമെഷീനിംഗിൽ മാത്രം വിതരണം ചെയ്തിരുന്ന ഉത്പന്നങ്ങൾ വൈവിധ്യവൽക്കരണത്തിനായി പുതിയ മെഷീനിംഗ് യൂണിറ്റിനനുസൃതമായി " റെഡിട്ടു ഹോബ് " ആയി വിതരണം ചെയ്യുന്നതിനാണ് നിലവിൽ ഓർഡർ എടുത്തിട്ടുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കി. ടെൻഡർ നടപടികളിൽ ഏർപ്പെടുന്നതിനുമുമ്പ് അവസാനവട്ട ജോലികളായ ഗിയർ ഷെയ്പിംഗ്, ഹീറ്റ് ട്രീറ്റ്മെന്റ്, ഇൻസ്പെക്ഷൻ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ കമ്പനി സംഭരിച്ചിരുന്നില്ലെന്ന എ.ജി.യുടെ നിരീക്ഷണം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ഗിയർ ഷെയ്പിംഗിന് മുൻപുവരെയുള്ള കാര്യങ്ങളാണ് കമ്പനി ചെയ്തു കൊടുക്കുന്നതെന്നും ഗിയർ ഷെയ്പിംഗ് ഡി.എം.ഡബ്ല്യു ആണ് ചെയ്യുന്നതെന്നും അദ്ദേഹം മറുപടി നൽകി.

ഡി.എം.ഡബ്ല്യു നിഷ്കർഷിച്ച അളവുകൾക്കനുസരിച്ച് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നിലവാരമോ ശേഷിയോ പ്രാവീണ്യമോ കമ്പനിക്ക് ഉണ്ടോ എന്ന് ഉറപ്പു വരുത്താതെ ടെണ്ടർ കൊടുക്കുകയും യഥാസമയം ഉത്പന്നങ്ങൾ വിതരണം ചെയ്യാതിരിക്കുകയും ചെയ്തതു കൊണ്ടാണ് കമ്പനിയ്ക്ക് 8.48 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതെന്നും 2.13 കോടി രൂപയുടെ തിരസ്കരിക്കപ്പെട്ട ഉത്പന്നങ്ങൾ നിഷ്ക്രിയമായി കെട്ടിക്കിടക്കാൻ ഇടയായതെന്നും നിരീക്ഷിച്ച സമിതി, കമ്പനിയുടെ പ്രവർത്തനത്തെ- ക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചു.

2013-ലാണ് ഇപ്രകാരം സംഭവിച്ചതെന്നും നിലവിൽ ഐ.എസ്.ആർ.ഒ -

ഡ്യൂട്ടറ്റ് ഉൾപ്പെടെയുള്ള ഓർഡറുകൾ കമ്പനിയ്ക്ക് ലഭിച്ച സാഹചര്യത്തിൽ കമ്പനി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്നും ഉന്നത നിലവാരമുള്ള ഉൽപ്പന്നങ്ങളാണ് കമ്പനി ഉൽപാദിപ്പി- ക്കുന്നതെന്നും അലോയ് സ്റ്റീലുകൾ കൂടുതൽ കൈകാര്യം ചെയ്യുന്ന കമ്പനി, സ്ക്രാപ്പുകൾ സ്വകാര്യമേഖലയിൽ നിന്നെടുക്കാതെ പൊതുമേഖലയിൽ നിന്നാണെടുക്കുന്നതെന്നും കമ്പനി ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

ഉൽപ്പന്നങ്ങൾ തുരുമ്പ് പിടിക്കാൻ കാരണം ഡി.എം.ഡബ്ല്യൂ-വിന്റെ ഉപേക്ഷ- യാണെങ്കിൽ നിയമപരമായി കമ്പനിയ്ക്ക് നഷ്ടപരിഹാരം ആവശ്യപ്പെടാൻ കഴിയില്ലേ എന്ന് സമിതി ആരാഞ്ഞതിന്, കമ്പനിയുടെ പ്രധാന ഉപഭോക്താവ് റെയിൽവേ ആയതിനാൽ പിന്നീട് ഓർഡറുകൾ കിട്ടാൻ സാധ്യതയില്ലാതാകുമെന്നുള്ളതുകൊണ്ടാണ് നഷ്ട- പരിഹാരത്തിനായി നിയമപരമായി ശ്രമിക്കാത്തതെന്നും ' റൈറ്റ്സ് ' ഇൻസ്പെക്ഷൻ നടത്തി ഉൽപ്പന്നങ്ങൾ അംഗീകരിച്ചാൽ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും ആയത് പരിശോധിക്കാം എന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

തിരസ്കരിക്കപ്പെട്ട ഗിയറുകൾ ഉപയോഗപ്രദമാക്കുന്നതിന് കമ്പനി, മെസ്സേഴ്സ് പാർത്ഥസാരഥി ഡി.എൻ.സി ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് കോയമ്പത്തൂർ എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിനെ സംബന്ധിച്ച് സമിതി സംശയം പ്രകടിപ്പിച്ചു. പ്രസ്തുത കമ്പനിയുമായി ഉണ്ടാക്കിയ കരാർ പരാജയപ്പെട്ടതിനാൽ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി സമിതി വിലയിരുത്തി. ഒരു പ്രൈവറ്റ് കമ്പനിയുമായി കരാറിൽ ഏർപ്പെടുമ്പോൾ ഉൽപ്പന്നത്തിന്റെ പേര്, തുക, കാലാവധി, വിതരണം ചെയ്യേണ്ട സമയം, നിശ്ചയിച്ച കാലാവധിയ്ക്കകം വിതരണം നടത്തിയില്ലെങ്കിൽ ഈടാക്കാവുന്ന പിഴ തുടങ്ങിയ നിബന്ധനകളുണ്ടായിരിക്കണമെന്നും ടി കമ്പനിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെങ്കിൽ കരാർ റദ്ദാക്കി ഉൽപ്പന്നം നിരസിക്കാവുന്ന- താണെന്നും സമിതി ചൂണ്ടിക്കാട്ടി.

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് -ന്റെ ഘടന, ജീവനക്കാരുടെ എണ്ണം, പ്രവർത്തനം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം എന്നിവയെക്കുറിച്ച് കമ്മിറ്റി വിശദീകരണം ആവശ്യപ്പെട്ടു. എം.ഡി യും ചെയർമാനും, ഡയറക്ടർ ബോർഡ് അംഗങ്ങളു- മുള്ള കമ്പനിയിൽ 300 ജീവനക്കാരുള്ളതായും കഴിഞ്ഞ വർഷം 2.13 കോടി രൂപയുടെ ലാഭം നേടിയ കമ്പനി ആധുനികവൽക്കരണത്തിലേയ്ക്ക് നീങ്ങുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

കമ്പനിയെ സംബന്ധിച്ച്, ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പോരായ്മകൾക്ക് തൃപ്തികരമായ മറുപടി നൽകാൻ ഉദ്യോഗസ്ഥർ തയ്യാറായി വരാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

## നിഗമനങ്ങൾ/ശിപാർശകൾ

1. ഡീസൽ ലോക്കോ മോഡേണൈസേഷൻ വർക്സ്, പാട്യാല (ഡി.എം.ഡബ്ല്യു) നിഷ്കർഷിച്ച അളവുകളിൽ നിന്ന് വ്യത്യസ്തമായി കാംഷാഫ്റ്റ് ഗിയർ നിർമ്മിച്ചതിനാൽ 681 ഗിയറുകൾ ഡി.എം.ഡബ്ല്യു നിരസിച്ചതായും, നിഷ്കർഷിച്ച അളവുകൾക്കനുസരിച്ച് ഉല്പന്നം വിതരണം ചെയ്യുന്നതിനുള്ള കമ്പനിയുടെ പ്രാപ്തി സംബന്ധിച്ച് വിലയിരുത്താതെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത് ടെണ്ടർ സ്വീകരിച്ചത് 8.48 ലക്ഷം രൂപയുടെ നഷ്ടത്തിനും 2.13 കോടി രൂപയുടെ ഉല്പന്നങ്ങൾ നിഷ്ക്രിയമായി കെട്ടിക്കിടക്കുന്നതിനും ഇടയാക്കിയെന്ന് സമിതി നിരീക്ഷിച്ചു. ദീർഘവീക്ഷണമോ ആസൂത്രണമോ ഇല്ലാതെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കമ്പനിയുടെ നടപടി മാനേജ്മെന്റിന്റെ കഴിവില്ലായ്മയെ കാണിക്കുന്നുവെന്ന് വിലയിരുത്തിയ സമിതി, ഡി.എം.ഡബ്ല്യു നിഷ്കർഷിച്ച പ്രകാരമുള്ള കാംഷാഫ്റ്റ്ഗിയർ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് പ്രസ്തുത കാലയളവിൽ കമ്പനിയിൽ നിലവിലുണ്ടായി- രുന്ന സജ്ജീകരണങ്ങൾ/സൗകര്യങ്ങൾ സംബന്ധിച്ചും എന്തൊക്കെ സജ്ജീകരണങ്ങളുടെ/ സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഡി.എം.ഡബ്ല്യു നിഷ്കർഷിച്ച അളവുകളിൽനിന്നും വ്യത്യസ്തമായി കാംഷാഫ്റ്റ് ഗിയറുകൾ നിർമ്മിക്കാനിടയാക്കിയത് എന്നത് സംബന്ധിച്ചുമുള്ള വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

2. 'കാംഷാഫ്റ്റ് ഗിയർ റെഡി ടു ഹോബ് ' നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ഡി.എം.ഡബ്ല്യു-ന്റെ പക്കൽ നിന്നും ഓർഡർ നേടിയതിനുശേഷം 2013 നവംബർ 4-ാം തീയതിയായി കമ്പനി വിതരണം ചെയ്ത മൂന്ന് സാമ്പിളുകൾ ഡി.എം.ഡബ്ല്യു അംഗീകരിച്ചത് ഏതെല്ലാം വ്യവസ്ഥയോടെയാണെന്നും, പ്രസ്തുത വ്യവസ്ഥകൾ അനുസരിച്ച് ഗിയറുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

3. ഡി.എം.ഡബ്ല്യു നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ കൃത്യതയും സൂക്ഷ്മതയും പാലിക്കുന്നതിന് സാങ്കേതികത്തികവുള്ള ഉപകരണങ്ങൾ ആവശ്യമാണെന്നിരിക്കെ ഗിയർ ഷെയ്പിംഗ്, ഹീറ്റ് ട്രീറ്റ്മെന്റ് എന്നിവ ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി സംഭരിക്കാതിരുന്നത് കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ടെൻഡറുകൾ ഉറപ്പിക്കുമ്പോൾ ടെൻഡറുകൾ സ്വീകരിക്കുന്നത് മുതൽ വിതരണം വരെയുള്ള ഘട്ടങ്ങളിൽ അതത് സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന് കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഉല്പാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് ഗിയറുകൾ ഡി.എം.ഡബ്ല്യു-വിന് വിതരണം ചെയ്യേണ്ടി വന്ന സാഹചര്യം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

5. ഗിയറിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് കമ്പനി ഏൽപ്പിച്ച മെസ്സേഴ്സ് പാർത്ഥസാരഥി ഡി.എൻ.സി ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡുമായി (മെസ്സേഴ്സ് പാർത്ഥസാരഥി) ഉണ്ടാക്കിയ കരാറിനെ സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ തൃപ്തികരമായി മറുപടി ലഭ്യമാക്കാൻ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ലെന്നും, കമ്പനിയുടെ നഷ്ടത്തിന് പ്രസ്തുത കരാർ കാരണമായിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിന് ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകേണ്ടത് ആവശ്യമാണെന്നും വിലയിരുത്തിയ സമിതി, മെസ്സേഴ്സ് പാർത്ഥസാരഥിയുമായുള്ള കരാറിന്റെ വിശദാംശങ്ങളും, കരാറിന്റെ നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

6. ഡി.എം.ഡബ്ല്യു ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് നിശ്ചിത സമയത്തിനകം ഗിയറുകൾ വിതരണം നടത്താൻ കഴിയാത്തത് കമ്പനിയുടെ കെടുകാര്യസ്ഥതയാണെന്ന് വിലയിരുത്തിയ സമിതി, നിരസിക്കപ്പെട്ട 681 ഗിയറുകളുടെ ന്യൂനതകൾ പരിഹരിച്ച് ഡി.എം.ഡബ്ല്യു വിന് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. 681 ഗിയറുകളുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.

**സി.ദിവാകരൻ**
ചെയർമാൻ
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം
11.01.2021.

## അനുബന്ധം - I

### സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമനമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | | വ്യവസായ വകുപ്പ് | [illegible] |
| | 1 | | ഡീസൽ ലോക്കോ മോഡേണൈസേഷൻ വർക്സ്, പാട്യാല (ഡി.എം.ഡബ്ല്യൂ) നിഷ്കർഷിച്ച അളവുകളിൽ നിന്ന് വ്യത്യസ്തമായി കാംഷാഫ്റ്റ് ഗിയർ നിർമ്മിച്ചതിനാൽ 681 ഗിയറുകൾ ഡി.എം.ഡബ്ല്യൂ നിരസിച്ചതായും, നിഷ്കർഷിച്ച അളവുകൾക്കനുസരിച്ച് ഉല്പന്നം വിതരണം ചെയ്യുന്നതിനുള്ള കമ്പനിയുടെ പ്രാപ്തി സംബന്ധിച്ച് വിലയിരുത്താതെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത് ടെണ്ടർ സ്വീകരിച്ചത് 8.48 ലക്ഷം രൂപയുടെ നഷ്ടത്തിനും 2.13 കോടി രൂപയുടെ ഉല്പന്നങ്ങൾ നിഷ്ക്രിയമായി കെട്ടിക്കിടക്കുന്നതിനും ഇടയാക്കിയെന്ന് സമിതി നിരീക്ഷിച്ചു. ദീർഘവീക്ഷണമോ ആസൂത്രണമോ ഇല്ലാതെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കമ്പനിയുടെ നടപടി മാനേജ്മെന്റിന്റെ കഴിവില്ലായ്മയെ കാണിക്കുന്നുവെന്ന് വിലയിരുത്തിയ സമിതി, ഡി.എം.ഡബ്ല്യൂ നിഷ്കർഷിച്ച പ്രകാരമുള്ള കാംഷാഫ്റ്റ്ഗിയർ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് പ്രസ്തുത കാലയളവിൽ കമ്പനിയിൽ നിലവിലുണ്ടായിരുന്ന സജ്ജീകരണങ്ങൾ/സൗകര്യങ്ങൾ സംബന്ധിച്ചും എന്തൊക്കെ സജ്ജീകരണങ്ങളുടെ/ സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഡി.എം.ഡബ്ല്യൂ നിഷ്കർഷിച്ച അളവുകളിൽനിന്നും വ്യത്യസ്തമായി കാംഷാഫ്റ്റ് ഗിയറുകൾ നിർമ്മിക്കാനിടയാക്കിയത് എന്നത് സംബന്ധിച്ചുമുള്ള വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. |
| | 2 | | 'കാം ഷാഫ്റ്റ് ഗിയർ റെഡി ടു ഹോബ് ' നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ഡി.എം.ഡബ്ല്യൂ-ന്റെ പക്കൽ നിന്നും ഓർഡർ നേടിയതിനുശേഷം 2013 നവംബർ 4-ാം തീയതിയായി കമ്പനി വിതരണം ചെയ്ത മൂന്ന് സാമ്പിളുകൾ ഡി.എം.ഡബ്ല്യൂ അംഗീകരിച്ചത് ഏതെല്ലാം വ്യവസ്ഥയോടെയാണെന്നും, പ്രസ്തുത വ്യവസ്ഥകൾ അനുസരിച്ച് ഗിയറുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| | 3 | - | ഡി.എം.ഡബ്ല്യൂ നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ കൃത്യതയും സൂക്ഷ്മതയും പാലിക്കുന്നതിന് സാങ്കേതികത്തികവുള്ള ഉപകരണങ്ങൾ ആവശ്യമാണെന്നിരിക്കെ ഗിയർ ഷെയ്പ്പിംഗ്, ഹീറ്റ് ട്രീറ്റ്മെന്റ് എന്നിവ ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി സംഭരിക്കാതിരുന്നത് കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ടെൻഡറുകൾ ഉറപ്പിക്കുമ്പോൾ ടെൻഡറുകൾ സ്വീകരിക്കുന്നത് മുതൽ വിതരണം വരെയുള്ള ഘട്ടങ്ങളിൽ അതത് സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന് കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | 4 | | ഉല്പാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് ഗിയറുകൾ ഡി.എം.ഡബ്ല്യു-വിന് വിതരണം ചെയ്യേണ്ടി വന്ന സാഹചര്യം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| | 5 | | ഗിയറിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് കമ്പനി ഏൽപ്പിച്ച മെസ്സേഴ്സ് പാർത്ഥസാരഥി ഡി.എൻ.സി ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡുമായി (മെസ്സേഴ്സ് പാർത്ഥസാരഥി) ഉണ്ടാക്കിയ കരാറിനെ സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ തൃപ്തികരമായി മറുപടി ലഭ്യമാക്കാൻ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ലെന്നും, കമ്പനിയുടെ നഷ്ടത്തിന് പ്രസ്തുത കരാർ കാരണമായിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിന് ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകേണ്ടത് ആവശ്യമാണെന്നും വിലയിരുത്തിയ സമിതി, മെസ്സേഴ്സ് പാർത്ഥസാരഥിയുമായുള്ള കരാറിന്റെ വിശദാംശങ്ങളും, കരാറിന്റെ നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. |
| | 6 | | ഡി.എം.ഡബ്ല്യു ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് നിശ്ചിത സമയത്തിനകം ഗിയറുകൾ വിതരണം നടത്താൻ കഴിയാത്തത് കമ്പനിയുടെ കെടുകാര്യസ്ഥതയാണെന്ന് വിലയിരുത്തിയ സമിതി, നിരസിക്കപ്പെട്ട 681 ഗിയറുകളുടെ ന്യൂനതകൾ പരിഹരിച്ച് ഡി.എം.ഡബ്ല്യു വിന് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. 681 ഗിയറുകളുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു. |

അനുബന്ധം-2.

(122)

# GOVERNMENT OF KERALA
# INDUSTRIES (D) DEPARTMENT

## Statement of Action Taken with respect to the Report of Controller and Auditor General of India (Public Sector Undertakings), Government of Kerala for the year ended on 31st March 2016.

| Sl No. | Name of Company | Paragraph No | Audit Paragraph | Action Taken |
|---|---|---|---|---|
| 1 | 2 | | 3 | 4 |
| 1 | Steel and Industrial Forgings Ltd. | 3.10 | **Bulk production and supply of Cam Shaft Gear without rectifying the defects pointed out by DMW on the samples supplied resulted in loss of ₹8.48 Lakh and idling of rejected products worth ₹2.13 Crore.**<br><br>Steel and Industrial Forgings Limited (Company), a PSU, engaged in manufacturing and marketing of forgings, received (October 2013) an order for supply of 1,198 'SIFL 263 M Cam Shaft gear ready to hob' (Cam Shaft gear) from Diesel Loco Modernisation Works, Patiala, (DMW), Ministry of Railways, at an all inclusive rate of ₹43,438.30 each for a total value of ₹5,20,39,078. As per the conditions of the bid, the Company was to submit three samples to DMW within 45 days (November 2013) from the date of order and commence bulk supply after receipt of approval from DMW. The Company supplied three samples on 04 November 2013. Samples were cleared (December 2013) by DMW subject to the condition that future supply should be conforming to the specified dimensions and also as per the drawings No.10142691 Alt "NIL". Subsequently, 350 gears were to be delivered by February 2014 and the remaining 845 by 31 August 2014 at the rate of 150 items per month. Accordingly, Company supplied 943 gears up to January 2016, of which only 262 gears (28 per cent) were accepted by DMW and 681 gears (72 per cent) were rejected due to deviation from the ordered specifications for the product. The scheduled | SIFL received an order for 1198 cam Shaft Gear from DMW Patiala. Against this order SIFL supplied 943 numbers of cam Shaft Gear to DMW. Subsequently DMW accepted 262 numbers and rejected 681 numbers due to dimensional and hardness variation. SIFL representatives along with RITES inspector visited DMW on 19.06.2014 for a joint inspection at DMW Patiala on the defects pointed out by DMW. After joint inspection SIFL representatives and RITES inspector pointed out many unscientific methods of inspection carried out by DMW Patiala. In the joint minutes these matters were clearly indicated and SIFL and RITES did not accept the rejection. Subsequently SIFL submitted a detailed letter on 19.06.2014 indicating the issues on the method of inspection procedure followed by DMW on an un-calibrated and obsolete machine. Secondly their |

| | | | | |
|---|---|---|---|---|
| | | | delivery date and quantity, actual delivery date and quantity, date of rejection and quantity and reason for rejection are given in Appendix 22.<br>The Company requested (April 2016) for extension of delivery period up to December 2016 which was agreed to by DMW subject to reduction in price as per DMW's latest buying rate from the originally accepted basic price of ₹36,819 to ₹26,159 (April 2016). The reasons for rejection were deviation from the required specifications such as bore over size, run out, parallelism, etc. The Company took up (June 2014) the huge rejection of the gears with DMW stating that the method of inspection was not mentioned in the drawings. But their argument was rejected by DMW explaining that the method of checking was shown to the Company many times earlier, bore checking had already been mentioned in the drawings and inspection chart was available in the drawings. Hence, the Company had to take back the rejected gears by incurring an expenditure of ₹7.87 lakh. The Company also made arrangements with M/s Parthasarathy CNC Technology Pvt. Ltd., Coimbatore (M/s Parthasarathy) for rectifying the defects pointed out by DMW.<br>We observed that:<br>• The product was not an entirely new item. The Company had been regularly supplying Cam Shaft gears to DMW. But, this tender was considered as a fresh entry in the market because the Cam Shaft gears required further machining to get them into 'ready to hob condition' compared to the previously supplied gears. However, the Company had not procured the equipment needed for the finishing operations such as gear shaping, heat treatment and inspection before quoting for the tender, due to non-availability of sufficient funds.<br>• In the absence of finishing equipment, the components were forged in the factory of the Company at Athani, heat treatment was carried out by the Company's outsourced vendors and machining to | usage of plug gauge was also improper. It was also clearly indicated in the letter that the fully machined Cam Shaft Gear supplied by SIFL were kept in open yard which will result in atmospheric corrosion leading to rejection. Against this letter DMW has never replied.<br>Later, Company supplied 5 numbers of forgings after rectification at M/s Parthasarathy CBE and these pieces were accepted by DMW. Accordingly a trial batch of 25 numbers were made ready and offered for RITES inspection on 07.10.2016. However RITES has showed their reluctance to re-inspect these rectified pieces for inspection. The reasons that the RITES pointed out about their previous experience on rejection by Railway after the clearance from RITES.<br><br>Subsequently company has taken up this issue with Railway again for dispatching the rectified pieces with joint inspection by Railway and RITES. Railway has given an in principle approval for the same. However it could not be materialized and informed to provide the quality assurance plan (QA) for their verification and |

| | | | | |
|---|---|---|---|---|
| | | | ready to hob condition was carried out at their own Machining Unit at Shornur and at MS Engineering Unit, a vendor of the Company, at Coimbatore. The products machined both at its own Unit and at vendors' Unit did not meet the specifications stipulated by DMW.<br>• The Company could not rectify the defects of the 681 rejected gears even after a lapse 36 months (January 2017) of its rejection in May 2014.<br>• The actual variable cost for production of Cam Shaft gear worked out to ₹31,287.56 per unit. But the Company had to accept reduced rates for 938 gears even below the variable cost due to its failure to supply the items as per the specifications within the scheduled delivery period.<br>The decision to quote in the bid without ensuring its competence and capacity to supply the product as per the specifications stipulated by DMW and production in bulk quantity without rectifying the defects pointed out by DMW, resulted in loss of ₹8.48 lakhıis and idling of rejected products valuing ₹2.13 crore. Management replied (August 2016) that the Company supplied the gears as DMW was insisting for immediate supply even though they had not received any feedback for the already supplied gears. It was also stated that since DMW was making payment against "R" Note (Goods Received Note), the Company was under the impression that supplies were accepted.<br>The reply of the Company is not acceptable as DMW had already clarified (June 2014) that the method of checking was shown to the Company many times earlier. Further, even though the Company identified M/s Parthasarathy in December 2015 for re-working the rejected gears, the Company could not supply any of the rejected gears after rectification till date (January 2017). The matter was referred (July 2016) to Government and their reply was awaited (February 2017). | approval. Accordingly the QAP was forwarded to DMW for which the reply is awaited.<br><br>After the acceptance of the offered quantity after getting the approval from DMW, company can re-work and rectify the remaining pieces for re-supply. It is suspected that 30% of the items rejected are on such a situation where reliability seems to be on a difficult condition due to heavy tool mark and corrosion that happened at DMW Patiala. |

R. Vijayakumar

വിജയകുമാർ ആർ
ജോയിന്റ് സെക്രട്ടറി
വ്യവസായ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം